2023
NOVEMBER
11
SATURDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## സർക്കാർ ലക്ഷ്യം സുതാര്യമായ ബിസിനസ് അന്തരീക്ഷം: മുഖ്യമന്ത്രി



**കൊച്ചി:** സംസ്ഥാനത്ത് സുതാര്യമായ ബിസിനസ് അന്തരീക്ഷം ഒരുക്കുകയെന്നതാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഫിക്കിയും കെ എസ് ഐ ഡി സി യും ചേർന്ന് സംഘടിപ്പിക്കുന്ന കേരള വികസന സമ്മേളനത്തിൽ ഓൺലൈനായി പ്രതിനിധികളെ അഭിസംബോധന ചെയ്ത സംസാരിക്കുകയായിരുന്നു അദ്ദേഹം. ഒട്ടേറെ അവസരങ്ങളും പുരോഗതിയും ഉള്ള നാടാണ് കേരളം. അവസരങ്ങളുടെ വാതായനങ്ങൾ തുറന്നിട്ടിരിക്കുകയാണ്. കേരളത്തെ വൈജ്ഞാനിക സമൂഹമായി മാറ്റുകയെന്നതും നൂതന സമൂഹമായി പരിവർത്തനം ചെയ്യുക എന്നതുമാണ് സർക്കാർ ലക്ഷ്യമിടുന്നത്. കണക്റ്റിവിറ്റി ഹബായ കേരളത്തിൽ ഉന്നത നിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. ഇ ഗവേണൻസും സാങ്കേതിക മേന്മയും ഉപയോഗപ്പെടുത്താൻ നിക്ഷേപകരെ പൂർണ മനസോടെ സ്വാഗതം ചെയ്യുകയാണ്.

ഉത്തരവാദിത്വ വ്യവസായം, ഉത്തരവാദിത്വ നിക്ഷേപം എന്നതാണ് സർക്കാർ മുന്നോട്ട് വെയ്ക്കുന്നത്.കേരളത്തിന്റെ ഭാവി വാർത്തെടുക്കുന്നതിനായി 22 മേഖലകൾ സർക്കാർ കണ്ടെത്തിയിട്ടുണ്ട്. സുസ്ഥിര വികസനത്തിനായി നിക്ഷേപ സൗഹൃദ നയങ്ങളും സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. സാങ്കേതിക വിദ്യ പരമാവധി പ്രയോജനപ്പെടുത്തി അതുല്യമായ വികസന മുന്നേറ്റത്തിനാണ് സർക്കാർ രൂപം നൽകിയിട്ടുള്ളത്. വ്യവസായ സൗഹൃദ നടപടികളുടെ ഭാഗമായി ഒട്ടേറെ ചട്ടങ്ങളിൽ ഇളവുകൾ വരുത്തിയിട്ടുണ്ടെന്നും സുതാര്യത ഉറപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി. സംസ്ഥാനത്തിന്റെ വ്യാവസായിക അന്തരീക്ഷം തന്നെ മാറ്റിയെടുക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ഇതിനായി ചടുലവും ക്രിയാത്മകവുമായ നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്. അടിസ്ഥാന സൗകര്യ വികസനം, നൈപുണ്യ വികസനം, നിക്ഷേപക പ്രോത്സാഹനം എന്നിവയ്ക്കാണ് സർക്കാർ ഊന്നൽ നൽകുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു.

## മാരിടൈം പരിശീലന കേന്ദ്രം യൂണിവേഴ്സിറ്റിയായി ഉയർത്തും

**തൃശൂർ:** മാരിടൈം പരിശീലന കേന്ദ്രങ്ങൾ ഗുജറാത്തിലും ചെന്നൈയിലുമുള്ള മാരിടൈം യൂനിവേഴ്സിറ്റിയുമായി ചേർന്ന് കപ്പൽ ഗതാഗതം, മാരിടൈം നിയമം, മാരിടൈം മാനേജ്മെന്റ് എന്നി കോഴ്സുകൾ നടത്തുകയും ഭാവിയിൽ ലോകത്തിന് തന്നെ മാതൃകയായി മാരിടൈം യൂണിവേഴ്സിറ്റിയായി ഉയർത്തുകയാണ് സർക്കാർ ലക്ഷ്യമെന്ന് മന്ത്രി അഹമ്മദ് ദേവർകോവിൽ. അഴീക്കോട് മാരിടൈം കോളേജിൽ ഉൾനാടൻ ജലഗതാഗത നിയമപ്രകാരം പരിഷ്കരിച്ച ഐ.വി. (ഇൻലാൻഡ് വെസ്സൽ) റൂൾ പ്രകാരമുള്ള കോഴ്സുകൾ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി. നൂതന ആശയങ്ങളും പദ്ധതികളും മാരിടൈം ബോർഡ് ആവിഷ്കരിച്ച് നടപ്പാക്കി വരികയാണ്. തുറമുഖങ്ങളെ അടിസ്ഥാനമാക്കി തീരദേശ മേഖലയെ സംസ്ഥാനത്തിന്റെ ആകെ വികസനത്തിന് പ്രയോജനപ്പെടുത്തുക എന്നതാണ് സർക്കാരിന്റെ പ്രധാന ലക്ഷ്യം. സംസ്ഥാന സർക്കാർ വലിയ പ്രതീക്ഷയോടെ നോക്കിക്കാണുന്ന മേഖലയാണ് തുറമുഖങ്ങളെന്നും ചടങ്ങിൽ മന്ത്രി പറഞ്ഞു.വാണിജ്യ ആവശ്യത്തിന് വിഴിഞ്ഞം തുറമുഖം തുറന്ന് കൊടുക്കുന്നതോടെ തീരദേശത്ത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കും. സാങ്കേതിക വൈദഗ്ധ്യം ഉണ്ടെങ്കിൽ തുറമുഖം, കപ്പൽ എന്നിവിടങ്ങളിൽ ജോലി സാധ്യത ഉറപ്പാണ്. രാജ്യത്തിന്റെയും സംസ്ഥാനങ്ങളുടെയും വികസന സാധ്യതകളിൽ തുറമുഖവും അനുബന്ധ വികസന പ്രവർത്തനങ്ങളും ഇനിയുള്ള നാളുകളിൽ അങ്ങേയറ്റം പ്രാധാന്യമർഹിക്കുന്നു. അതിനോടൊപ്പം പ്രാധാന്യമുള്ളതാണ് ഉൾനാടൻ ജലഗതാഗതവും ചരക്കു നീക്കവും, ഹൗസ് ബോട്ട് ഉൾപ്പെടെയുള്ള വിനോദ സഞ്ചാര മേഖലയിലെ പ്രവർത്തനങ്ങളുമെന്നും തദ്ദേശീയരായ ജനങ്ങൾക്ക് കൂടുതൽ ഉപകാരപ്പെടുന്ന മേഖലയാണിതെന്നും മന്ത്രി പറഞ്ഞു.

## കേരളത്തിന്റെ വളർച്ച

# പുതിയ സാധ്യതകൾ തേടണം




**കൊച്ചി :**കേരളത്തിന്റെ വളർച്ചക്ക് വൈവിധ്യവൽക്കരണവും പുതിയ സാധ്യതകളും മുൻനിർത്തി പുത്തൻ വിപണന തന്ത്രങ്ങൾ വേണമെന്ന ' കൊച്ചി പ്രഖ്യാപന 'ത്തോടെ രണ്ട് ദിവസമായി ഫിക്കിയുടെ നേതൃത്വത്തിൽ നടന്ന കേരള വികസന സമ്മേളനം സമാപിച്ചു. കെ എസ് ഐ ഡി സി യുടെ സഹകരണത്തോടെയാണ് ദ്വിദിന സമ്മേളനം സംഘടിപ്പിച്ചത്. രണ്ട് ദിനങ്ങളിലായി നടന്ന സമ്മേളനത്തിലെ നിർദ്ദേശങ്ങൾ കൊച്ചി പ്രഖ്യാപനം എന്ന പേരിൽ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ പ്രകാശനം ചെയ്തു.സമാപന സമ്മേളനത്തിൽ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ മുഖ്യാതിഥിയായിരുന്നു. കേരളത്തിൽ വ്യവസായം തുടങ്ങുന്നത് ധീരമായ പ്രവൃത്തിയാണെന്ന് ഗവർണർ പറഞ്ഞു.

കഴിഞ്ഞ നാല് വർഷമായി കേരളത്തിലേക്ക് വ്യവസായികളെ കൊണ്ട് വരാൻ താൻ ശ്രമിക്കാറുണ്ട്. എന്നാൽ മറ്റു സംസ്ഥാനങ്ങളിലുള്ളവർ ഇവിടേക്ക് വരാൻ മടിക്കുകയാണ്. ഈ സ്ഥിതി മാറണം. ജനങ്ങളുടെ ക്ഷേമവും അഭിവൃദ്ധിയും മാത്രമായിരിക്കണം ഭരണകർത്താക്കളുടെയും നേതാക്കളുടേയും ലക്ഷ്യം. ജനങ്ങൾ എല്ലാം സൂക്ഷ്മമായി നീരീക്ഷിക്കുന്നുണ്ടെന്ന ബോധ്യം നേതാക്കൾക്ക് ഉണ്ടാകണമെന്നും ഗവർണർ ഓർമിപ്പിച്ചു. ഫിക്കി എക്സലൻസ് അവാർഡുകളും ഗവർണർ സമ്മാനിച്ചു. കാരിത്താസ് (ആശുപത്രി), അമാൽഗം (മത്സ്യോൽപന്ന കയറ്റുമതി), പി.കെ സ്റ്റീൽ കാസ്റ്റിംഗ് ( നിർമാതാവ്), ഇസാഫ് (ബാങ്ക്), കെ എം എം എൽ (പൊതുമേഖല) എന്നിവരാണ് പുരസ്കാരങ്ങൾക്ക് അർഹരായത്.ഫിക്കി കേരള സ്റ്റേറ്റ് കൗൺസിൽ ചെയർമാൻ ഡോ. എം.ഐ സഹദുള്ള, കോ ചെയർ വി.പി നന്ദകുമാർ, ഇൻകം ടാക്സ് അഡീഷണൽ കമ്മീഷണർ ജ്യോതിസ് മോഹൻ, റൂറൽ ഡെവലപ്മെന്റ് കമ്മീഷണർ എം.ജി രാജമാണിക്യം, വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ.പി.എം മുഹമ്മദ് ഹനീഷ്, ഫിക്കി മുൻ ചെയർമാൻ ദീപക് അസ്വാനി എന്നിവർ സംസാരിച്ചു. വിദ്യാഭ്യാസ കലാ മേഖലകളിൽ കേരളത്തിന്റെ സാധ്യതകൾ സംബന്ധിച്ച പാനൽ ചർച്ചയിൽ ടി.പി ശ്രീനിവാസൻ, സൂര്യ കൃഷ്ണമൂർത്തി, സൗവിക് ഭട്ടാചാര്യ, പ്രൊഫ. എസ് വെങ്കട്ടരാമൻ, എ.ഗോപാലകൃഷ്ണൻ എന്നിവർ സംസാരിച്ചു. സപ്നു ജോർജ് മോഡറേറ്ററായിരുന്നു. സ്വപ്നങ്ങൾ ഡോളറുകളാക്കാം എന്ന സെഷനിൽ എം.ജി രാജമാണിക്യം മോഡറേറ്ററായി. ഷെരീഫ് കോട്ടപ്പുറത്ത്, ഷാൻ കടവിൽ, ഡോ. സൗന്ദര്യ രാജേഷ് എന്നിവർ പങ്കെടുത്തു.

ദി സയൻസ് ഇൻ ഷോപ്പിംഗ് എന്ന വിഷയത്തിൽ കെ.രാധാകൃഷ്ണൻ, വർധിനി പ്രകാശ് എന്നിവർ സംസാരിച്ചു. ദീപക് എൽ അസ്വാനി മോഡറേറ്ററായി. കേരളത്തിന് വേണ്ടത് ഇനിയെന്ത് എന്ന വിഷയത്തിൽ കേന്ദ്ര ടൂറിസം വകുപ്പ് മുൻ സെക്രട്ടറി വിനോദ് സുത്ഷി, റിയാസ് അഹമദ്, പ്രഭാത് സഹായ് വർമ, ബോസ് കൃഷ്ണമാചാരി, ബിരേന്ദ്ര സിംഗ് എന്നിവർ സംസാരിച്ചു. ഇ എം നജീബ് മോഡറേറ്ററായി. സുസ്ഥിര ഇക്കോ വ്യവസ്ഥ സംബന്ധിച്ച സെഷനിൽ രഷ്മി അയിഷ മോഡറേറ്ററായി. ഡോ. അമിതാഭ് സരൺ, ഡോ.എൻ.ജയശങ്കർ, ബി.സന്ധ്യ, ആർ.പ്രദീപ് എന്നിവർ സംസാരിച്ചു.



# കൽപ്പാത്തി ദേശീയ സംഗീതോത്സവത്തിന് തുടക്കം

**പാലക്കാട്:** കർണാടക സംഗീതത്തിന്റെ ഗതകാല പ്രൗഢി വീണ്ടെടുക്കുകയാണ് കൽപ്പാത്തി ദേശീയ സംഗീതോത്സവം കൊണ്ട് ലക്ഷ്യമിടുന്നതെന്ന് വൈദ്യുത വകുപ്പ് മന്ത്രി കെ. കൃഷ്ണൻകുട്ടി പറഞ്ഞു. കൽപ്പാത്തിയിൽ ആരംഭിച്ച ദേശീയ സംഗീതോത്സവം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. കർണാടക സംഗീതത്തിന്റെ വളർച്ചക്ക് വലിയ സംഭാവനകൾ നൽകിയ പാലക്കാട്ടുകാരായ ചെമ്പൈ വൈദ്യനാഥ ഭാഗവതർ, എം.എസ് മണി അയ്യർ, എം.ടി രാമനാഥൻ എന്നിവരെയും തുടർന്ന് വന്ന ഗായകരെയും അനുസ്മരിക്കുക എന്നത് പ്രസക്തമാണ്.

ഭാരതത്തിലെ പ്രമുഖരായ സംഗീതജ്ഞരെ ക്ഷണിച്ച് നടത്തുന്ന കൽപ്പാത്തി ദേശീയ സംഗീതോത്സവം കർണാടക സംഗീതത്തിലെ പുതിയ ധാരകൾ കൂടി പരിചയപ്പെടുത്തുകയും അതോടൊപ്പം ദേശീയോദ്ഗ്രഥനത്തിന് കാരണമാവുകയും ചെയ്യുന്നുണ്ട്. സംഗീതം മനുഷ്യ മനസിനെ നിർമലമാക്കുമെന്നും മന്ത്രി പറഞ്ഞു.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ. ബിനുമോൾ അധ്യക്ഷയായ പരിപാടിയിൽ ജില്ലാ കലക്ടർ ഡോ. എസ്. ചിത്ര, പാലക്കാട് നഗരസഭ ചെയർപേഴ്സൺ പ്രിയ അജയൻ, കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ടി.കെ ദേവദാസ്, സംഗീതോത്സവം സംഘാടക സമിതി ചെയർമാൻ പി.എൻ സുബ്ബരാമൻ, സ്വരലയ സെക്രട്ടറി ടി.ആർ അജയൻ, ടൂറിസം ഡെപ്യൂട്ടി ഡയറക്ടർ എസ്. അനിൽകുമാർ, ഡി.ടി.പി.സി സെക്രട്ടറി ഡോ. എസ്.വി സിൽബർട്ട് ജോസ്, നഗരസഭ കൗൺസിലർമാരായ കെ.വി വിശ്വനാഥൻ, വി. ജ്യോതിമണി, സുഭാഷ് കൽപ്പാത്തി, എൽ.വി ഗോപാലകൃഷ്ണൻ, സംഘാടക സമിതി കൺവീനർ പ്രകാശ് ഉള്ളേ്യരി എന്നിവർ പങ്കെടുത്തു. ഉദ്ഘാടന ദിനമായ പുരന്തരദാസർ ദിനത്തിൽ ബേബി ശ്രീറാമിന്റെ സംഗീത കച്ചേരിക്ക് സുനിത ഹരിശങ്കർ (വയലിൻ), പാലക്കാട് എ.എം ഹരിനാരായണൻ (മൃദംഗം), ഉടുപ്പി ശ്രീകാന്ത് (ഗഞ്ചിറ) എന്നിവർ പക്കമേളമൊരുക്കി. നവംബർ 13ന് കൽപ്പാത്തി ദേശീയ സംഗീതോത്സവം സമാപിക്കും.

# ആയുർവേദ ദിനാചരണം: സംസ്ഥാനതല ഉദ്ഘാടനം ഇന്ന്

**പാലക്കാട്:** എട്ടാമത് ആയുർവേദ ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നാളെ (നവംബർ 10) വൈകിട്ട് 4.30 ന് റോബിൻസൺ റോഡിലുള്ള ടോപ്പ് ഇൻ ടൗൺ സൂര്യരശ്മി കൺവൻഷൻ സെന്ററിൽ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് നിർവഹിക്കും. ഷാഫി പറമ്പിൽ എം.എൽ.എ അധ്യക്ഷനാകും. ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ ഡോ. കെ.എസ്. പ്രീയ, ഹോമിയോപ്പതി വകുപ്പ് ഡയറക്ടർ ഡോ. എം.എൻ വിജയാംബിക, ആയുർവേദ മെഡിക്കൽ എഡ്യുക്കേഷൻ ഡയറക്ടർ ഡോ. ടി.ഡി ശ്രീകുമാർ, തിരുവനന്തപുരം ഗവ ഹോമിയോ കോളെജ് പ്രിൻസിപ്പൽ ഡോ. ഷീല തുടങ്ങിയവർ പങ്കെടുക്കും. ഏകാരോഗ്യത്തിന് ആയുർവേദം എന്ന സന്ദേശത്താടെയാണ് പരിപാടികൾ സംഘടിപ്പിക്കുന്നത്.

ജീവിതശൈലി രോഗ നിയന്ത്രണം ആയുർവേദത്തിലൂടെ എന്ന വിഷയത്തിൽ രാവിലെ നടക്കുന്ന ശിൽപശാല ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ. ബിനുമോൾ ഉദ്ഘാടനം ചെയ്യും. ഐ.എ സ്.എം.എൻ.സി.ഡി ക്ലിനിക് നോഡൽ ഓഫീസർ ഡോ. സിസിലെറ്റ്, സെൻട്രൽ യൂണിവേഴ്സിറ്റി ഓഫ് കേരളയിലെ പ്രൊഫസർ ഡോ. മാത്യു ജോർജ്, കണ്ണൂർ ഗവ ആയുർവേദ കോളെജിലെ അസോ. പ്രൊഫസർ എസ്. വിനുരാജ് തുടങ്ങിയവർ ക്ലാസെടുക്കും. ഉച്ചക്ക് 2.30 ന് ജില്ലാ ആയുർവേദ ഡി.എം.ഒ ഓഫീസിൽനിന്ന് സൂര്യരശ്മി ഓഡിറ്റോറിയം വരെ വിളംബര റാലിയും ഉണ്ടാകും. സർക്കാർസ്വകാര്യ മേഖലാ ഡോക്ടർമാർ, ഭാരതീയ ചികിത്സാ വകുപ്പ് ജീവനക്കാർ, ആയുർവേദ കോളെജ് വിദ്യാർത്ഥികൾ പങ്കെടുക്കും.

# ഫാർമസിസ്റ്റ് നിയമനം: അഭിമുഖം 20 ന്

**പാലക്കാട്:** ജില്ലാ ആശുപത്രി കോമ്പൗണ്ടിലുള്ള മെഡികെയർസിന്റെ കീഴിലുള്ള ഏഴ് മെഡിക്കൽ ഷോപ്പുകളിൽ ഫാർമസിസ്റ്റ് നിയമനം. ആറ് ഒഴിവുകളാണുള്ളത്. പ്രായപരിധി 1836. കേരള സർക്കാർ അംഗീകരിച്ച ബി.ഫാം/ഡി.ഫാം ഫാർമസി കൗൺസിൽ അംഗീകരിച്ച സർട്ടിഫിക്കറ്റും ബന്ധപ്പെട്ട മേഖലയിൽ പ്രവർത്തിപരിചയവും അഭിലഷണീയം. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പ്രായപരിധിയിൽ ഇളവും മുൻഗണനയും ഉണ്ടായിരിക്കും.

യോഗ്യരായവർ എസ്.എസ്.എൽ.സി അസൽ സർട്ടിഫിക്കറ്റ്, ആധാർ കാർഡ്, ജാതി സർട്ടിഫിക്കറ്റ് എന്നിവയും അവയുടെ പകർപ്പും സഹിതം നവംബർ 20 ന് രാവിലെ 11 ന് അഡ്മിനിസ്ട്രേറ്റീവ് ഓഫീസിൽ അഭിമുഖത്തിനെത്തണം. ഫോൺ: 0491 2537024.




# തീർഥാടനം സൗകര്യപ്രദമാക്കാൻ അയ്യൻ ആപ്പുമായി വനം വകുപ്പ്

**ശബരിമല:** തീർഥാടനത്തിനെത്തുന്ന അയ്യപ്പന്മാർക്കു സഹായമാകുന്ന തരത്തിൽ അയ്യൻ മൊബൈൽ ആപ്പ് പമ്പ ശ്രീരാമ സാകേതം ഓഡിറ്റോറിയത്തിൽ വനം മന്ത്രി എ കെ ശശീന്ദ്രൻ പ്രകാശനം ചെയ്തു. പെരിയാർ വന്യജീവി സങ്കേതം വെസ്റ്റ് ഡിവിഷന്റെ നേതൃത്വത്തിലാണ് ആപ്പ് നിർമിച്ചത്. പമ്പ,സന്നിധാനം, സ്വാമി അയ്യപ്പൻ റോഡ്, പമ്പനീലിമല സന്നിധാനം എരുമേലിഅഴുതക്കടവ് പമ്പ, സത്രം ഉപ്പുപാറ സന്നിധാനം എന്നീ പാതകളിൽ ലഭിക്കുന്ന സേവനങ്ങൾ ഈ ആപ്പിലൂടെ ലഭ്യമാണ്. പരമ്പരാഗത കാനന പാതകളിലെ സേവന കേന്ദ്രങ്ങൾ, മെഡിക്കൽ എമർജൻസി യൂണിറ്റ്, താമസസൗകര്യം, എലിഫന്റ് സ്ക്വാഡ് ടീം, പൊതുശൗചാലയങ്ങൾ, ഓരോ താവളത്തിൽ നിന്നും സന്നിധാനത്തേയ്ക്കുള്ള ദൂരം, ഫയർഫോഴ്സ്, പൊലീസ് എയ്ഡ് പോസ്റ്റ്, ഇക്കോ ഷോപ്പ്, സൗജന്യ കുടിവെള്ള വിതരണ കേന്ദ്രങ്ങൾ, ഒരു സ്ഥലത്തു നിന്നും അടുത്ത കേന്ദ്രങ്ങളിലേക്കുള്ള ദൂരം എന്നിവ സംബന്ധിച്ച വിവരങ്ങൾ ആപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അയ്യപ്പന്മാർ പാലിക്കേണ്ട

ആചാരമര്യാദകളും പൊതുനിർദേശങ്ങളും ആപ്പിലുൾപെടുത്തിയിട്ടുണ്ട്. പെരിയാർ വന്യജീവി സങ്കേതത്തിന്റെ സമ്പന്നതയെ കുറിച്ചുള്ള വിവരങ്ങളും ശബരിമല ക്ഷേത്രത്തേക്കുറിച്ചുള്ള വിവരങ്ങളും ആപ്പിൽ ലഭ്യമാണ്.

ഗൂഗിൾ പ്ലേ സ്റ്റോറിൽ നിന്നു ഇൻസ്റ്റാൾ ചെയ്യാവുന്ന അയ്യൻ ആപ്പ് മലയാളം, തമിഴ്, കന്നഡ, തെലുഗ്, ഹിന്ദി, എന്നീ അഞ്ചു ഭാഷകളിൽ ലഭ്യമാണ്. കാനന പാതയുടെ കവാടങ്ങളിൽ ഉള്ള ക്യൂ ആർ കോഡ് സ്കാൻ ചെയ്തും ആപ്പ് ഡൗൺലോഡ് ചെയ്യാം.

അത്യാവശ്യഘട്ടങ്ങളിൽ ബന്ധപ്പെടാൻ വേണ്ടി അടിയന്തര സഹായ നമ്പറുകളും ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഓൺലൈനിലും ഓഫ്ലൈനനിലും ആപ്പ് പ്രവർത്തിക്കും. തെരഞ്ഞെടുക്കുന്ന റൂട്ടുകളിലെ വിവിധ മുന്നറിയിപ്പുകൾ ആപ്പിലൂടെ ലഭിക്കും.

കാഞ്ഞിരപ്പള്ളി കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ലെപ്പേർഡ് ടെക്ക് ലാബ്പ്രൈ പവറ്റ് ലിമിറ്റഡിന്റെ സാങ്കേതിക സഹായത്തോടെ തയ്യാറാക്കിയ ആപ്പ് പരമ്പരാഗത

പാതകളിൽ എത്തിപ്പെടുന്ന അയ്യപ്പഭക്തർക്ക് സഹായകരമായ വിധത്തിലാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്.

# മാക്ഫിയെസ്റ്റ 2 കെ 23ക്ക് തുടക്കമായി



തിരുവല്ല: മാർ അത്താസിയോസ് കോളജ് ഫോർ അഡ്വാൻസ് സ്റ്റഡീസിൽ (മാക്ഫാസ്റ്റ്) മാക്ഫിയെസ്റ്റ 2 കെ 23 ദ്വിദിന ഫെസ്റ്റ് ആരംഭിച്ചു.

കോളജ് പ്രിൻസിപ്പൽ ഡോ. വർഗീസ് കെ. ചെറിയാൻറെ സാമൂഹിക പ്രവർത്തകയും സംരംഭകയുമായ ശോഭ വിശ്വനാഥ് ഫെസ്റ്റ് ഉദ്ഘാടനം ചെയ്തു . കേരളത്തിനകത്തും പുറത്തും നിന്നായി അന്പതിൽ പരം കോളജുകളിൽ നിന്നുള്ള വിദ്യാർഥികളാണ് വിവിധ മത്സരങ്ങളിൽ പങ്കെടുക്കാനെത്തിയത്.

മാക്ഫിയെസ്റ്റയുടെ ഭാഗയി നടന്ന സാംസ്കാരിക സന്ധ്യ കോളജ് ഡയറക്ടർ ഫാ. ഡോ. ചെറിയാൻ ജെ. കോട്ടയിൽ ഉദ്ഘാടനം ചെയ്തു. വിദ്യാർഥികളുടെ വിവിധ കലാപരിപാടികൾക്കൊപ്പം കോളജ് ബാൻഡായ നെക്സസിൻറെ അരങ്ങേറ്റവും സംഗീതനിശയും നടന്നു.

മത്സരങ്ങളുടെ ഫൈനലും ഫെസ്റ്റിൻറെ സമാപനവും ഇന്നാണ്. 2.5 ലക്ഷത്തോളം രൂപയുടെ കാഷ് പ്രൈസാണ് വിജയികൾക്ക് സമ്മാനമായി നൽകുന്നത്.

# ധനുഷിന്റെ ക്യാപ്റ്റൻ മില്ലർ പൊങ്കലിന്

ധനുഷിന്റെ ഈ വർഷത്തെ ഏറ്റവും പ്രതീക്ഷയുള്ള ചിത്രം ക്യാപ്റ്റൻ മില്ലറിന്റെ പുതിയ റിലീസ് ഡേറ്റ് പ്രഖ്യാപിച്ചിരിക്കുകയാണ് അണിയറപ്രവർത്തകർ, ഈ വർഷം ഡിസംബറിൽ എത്തേണ്ട ചിത്രം ചില സാങ്കേതിക കാരണങ്ങളാൽ 2024 പൊങ്കലിനാണ് റിലീസാകുന്നത്.

ധനുഷിന്റെ 47മത് ചിത്രമായ ക്യാപ്റ്റൻ മില്ലറിൽ വിപ്ലവ നായകനായി അദ്ദേഹം മുഖ്യ കഥാപാത്രത്തെ അവതരിപ്പിക്കുന്നു. മാൻബണ്ണും താടിയും മനോഹരമായി നീട്ടി വളർത്തിയ മുടിയുമായി പുതിയ ലുക്കിലാണ് ധനുഷ് . ബ്രിട്ടീഷുകാർക്കെതിരെയുള്ള പോരാട്ടത്തിന്റെ തീപ്പൊരി മിന്നിക്കുന്ന ചിത്രത്തിന്റെ ഇതുവരെ പുറത്തുവന്ന രംഗങ്ങൾ സോഷ്യൽ മീഡിയയിൽ ആളിപ്പടരുകയാണ്.അരുൺ മാതേശ്വരൻ തിരക്കഥയൊരുക്കി സംവിധാനം ചെയ്യുന്ന ചിത്രം ധനുഷിന്റെ കരിയറിലെ ഏറ്റവും വലിയ ചിത്രങ്ങളിലൊന്നാണ്.



സത്യജ്യോതി ബാനറിൽ ടി ജി നാഗരാജൻ അവതരിപ്പിക്കുന്ന ചിത്രം പ്രൊഡ്യൂസ് ചെയ്യുന്നത് സെന്തിൽ ത്യാഗരാജനും അർജുൻ ത്യാഗരാജനുമാണ്. ആനുകാലിക ആക്ഷൻ ഡ്രാമയായി ഒരുങ്ങുന്ന ചിത്രത്തിൽ ധനുഷിനൊപ്പം പ്രിയങ്ക അരുൾ മോഹൻ, ശിവ് രാജ് കുമാർ, സുന്ദിപ് കിഷൻ, ജോൺ കൊക്കെൻ, നിവേദിത സതീഷ് എന്നിവർ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു. ഡി ഓ പി സിദ്ധാർത്ഥ നൂനി, സ്റ്റണ്ട് ദിലീപ് സുബ്ബരായൻ, എഡിറ്റർ നാഗൂരൻ രാമചന്ദ്രൻ എന്നിവരാണ്. മദൻ കർക്കിയാണ് സംഭാഷണം എഴുതിയിരിക്കുന്നത്. ജി.വി. പ്രകാശ് കുമാർ സംഗീത സംവിധാനവും സൗണ്ട് മിക്സിങ് രാജാ കൃഷ്ണനുമാണ്. പി ആർ ഓ പ്രതീഷ് ശേഖർ.

# കാത്ത് കാത്തൊരു കല്യാണം

## തിയേറ്ററിലേക്ക് 24 ന് റിലീസ് ചെയ്യും

മലയാളികളുടെ പ്രിയതാരങ്ങളായ ടോണി സിജിമോൻ, ക്രിസ്റ്റി ബെന്നറ്റ് എന്നിവരെ കേന്ദ്ര കഥാപാത്രങ്ങളാക്കി ജയിൻ ക്രിസ്റ്റഫർ സംവിധാനം ചെയ്യുന്ന കാത്ത് കാത്തൊരു കല്യാണം 24ന് റിലീസ് ചെയ്യും.കുട്ടികൾ ഉണ്ടാകാത്ത ഗ്രാമത്തിന്റെ കഥയാണ് ചിത്രത്തിന്റെ ഇതിവൃത്തം. ഏറെ പുതുമയുള്ള പ്രമേയമാണ് കാത്ത് കാത്തൊരു കല്യാണം പറയുന്നത്.ചെറുകര ഫിലിംസിന്റെ ബാനറിൽ മനോജ് ചെറുകരയാണ് ചിത്രത്തിന്റെ നിർമ്മാണം. തിരക്കഥ, സംഭാഷണം നിർവഹിച്ചിരിക്കുന്നത് നന്ദനാണ്.മലയാളത്തിലെ സൂപ്പർഹിറ്റ് ചിത്രങ്ങളായ പളുങ്ക് ,ഭ്രമരം ,മായാവി, ചോട്ടാ മുംബൈ. എന്നീ ചിത്രങ്ങളിൽ ബാലതാരമായി സിനിമയിൽ അരങ്ങേറ്റം കുറിച്ച യുവനടൻ ടോണി സിജിമോൻ നായകനാവുന്ന മൂന്നാമത്തെ ചിത്രം കുടിയാണ് കാത്ത് കാത്തൊരു കല്യാണം.ടെലിവിഷൻ ചാനൽ പരിപാടികളിലുടെയും, നിരവധി ആൽബങ്ങളിലൂടെയും മലയാളികൾക്ക് ഏറെ സുപരിചിതയായ താരമാണ് ചിത്രത്തിലെ നായികയായ ക്രിസ്റ്റി ബിന്നെറ്റ്പ്രമോദ് വെളിയനാട്, ജോബി, റിയാസ് നെടുമങ്ങാട്, ഷാജി മാവേലിക്കര, പ്രദീപ് പ്രഭാകർ, വിനോദ് കെടാമംഗലം,വിനോദ് കുറിയന്നൂർ,രതീഷ് കല്ലറ, അരുൺ ബെല്ലന്റ്, കണ്ണൻ സാഗർ, പുത്തില്ലം ഭാസി,ലോനപ്പൻ കുട്ടനാട്, സോജപ്പൻ കാവാലം, മനോജ് കാർത്യ, പ്രകാശ് ചാക്കാല,



സിനിമോൾ ജിനേഷ്, ജിൻസി ചിന്നപ്പൻ, റോസ്, ആൻസി, ദിവ്യ ശ്രീധർ, നയന, അലീന സാജൻ, സുമ, ഷീല, അജേഷ് ചങ്ങനാശ്ശേരി,

നുജുമൂദീൻ സന്തോഷ് അടവീശ്വര, റെജി കോട്ടയം, മുടക്കാരിൻ, വിനോദ് വെളിയനാട്, ജോസ് പാലാ, ടിജി ചങ്ങനാശ്ശേരി, മധു ഏഴംകുളം, ശ്രീജ കുറുപ്പ്, ബീന മരിയ തുടങ്ങിയവരാണ് ചിത്രത്തിലെ അഭിനേതാക്കൾ. കഥ,ക്യാമറ ജയിൻ ക്രിസ്റ്റഫർ, എഡിറ്റിംഗ് വിജിൽ എഫ് എക്സ്. കളറിസ്റ് വിജയകുമാർ, സ്റ്റുഡിയോ ബോർക്കിഡ് മീഡിയ, മ്യൂസിക് മധുലാൽ ശങ്കർ, ഗാനരചന സെബാസ്റ്റ്യൻ ഒറ്റമശ്ശേരി, ഗായകർ അരവിന്ദ് വേണുഗോപാൽ, സജി, പാർവതി, ബാക്ക് ഗ്രൗണ്ട് സ്കോർ റോഷൻ മാത്യു റോബി, ആർട്ട് ദിലീപ് ചുങ്കപ്പാറ, മേക്കപ്പ് രതീഷ് രവി,കൊറിയോഗ്രാഫർ സംഗീത്, വസ്ത്രാ ലങ്കാരം മധു ഏഴം കുളം, അസോസിയേറ്റ് ഡയറക്ടർ സുധീഷ് കോശി, അസിസ്റ്റന്റ് ഡയറക്ടർസ് വിനോദ് വെളിയനാട്, സുഭാഷ് ചവറ, അസോസിയേറ്റ് ക്യാമറമെൻ ഋഷി രാജു, പ്രൊഡക്ഷൻ കൺട്രോളർ മഹേഷ്, ഫിനാൻസ് മാനേജർ ഹരിപ്രസാദ്, പി.ആർ.ഒ പി.ആർ.സുമേരൻ. സ്റ്റിൽസ് കുമാർ.എം പി.,ഡിസൈൻ സന മീഡിയ.




# കാഥികൻ

മുകേഷ്,ഉണ്ണി മുകുന്ദൻ, കൃഷ്ണാനന്ദ്,ഗോപു കൃഷ്ണൻ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി ജയരാജ് കഥ, തിരക്കഥ സംഭാഷണമെഴുതി സംവിധാനം ചെയ്യുന്ന കാഥികൻ എന്ന ചിത്രത്തിന്റെ ക്യാരക്ടർ പോസ്റ്റർ റിലീസായി. മുകേഷ് അവതരിപ്പിക്കുന്ന കാഥികൻ ചന്ദ്രസേനൻ എന്ന കഥാപാത്രത്തിന്റെ പോസ്റ്ററാണ് റിലീസായത്.വൈഡ് സ്ക്രീൻ മീഡിയ പ്രൊഡക്ഷൻസിന്റെ ബാനറിൽ ഡോക്ടർ മനോജ് ഗോവിന്ദ്, ജയരാജ് എന്നിവർ ചേർന്ന് നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം ഷാജി കമാർ നിർവ്വഹിക്കുന്നു.വയലാർ ശരത്ചന്ദ്ര വർമ്മയുടെ വരികൾക്ക് സഞ്ജോയ് ചൗധരി സംഗീതം പകരുന്നു.

എഡിറ്റർവിപിൻ വിശ്വകർമ്മ.പ്രൊഡക്ഷൻ കൺട്രോളർ സജി കോട്ടയം,ആർട്ട്മജീഷ് ചേർത്തല,മേക്കപ്പ് ലിബിൻ മോഹനൻ,കോസ്റ്റ്യൂംസ്ഫെമിന ജബ്ബാർ,സൗണ്ട്വിനോദ് പി ശിവറാം, കളറിസ്റ്റ്പോയറ്റിക്സ്,സ്റ്റിൽസ്ജയപ്രകാശ്,ഡിസൈൻഎസ്കെഡി ഫാക്ടറി.ഡിസംബർ ഒന്നിന് കാഥികൻ പ്രദർശനത്തിനെത്തുന്നു.പി ആർ ഒഎ എ എസ് ദിനേശ്.

# നൊണ ടീസർ പോസ്റ്റർ




ഇന്ദ്രൻസിനെ പ്രധാന കഥാപാത്രമാക്കി മിസ്റ്റിക്കൽ റോസ് പ്രോഡക്ഷൻസിന്റെ ബാനറിൽ പ്രവാസിയായജേക്കബ് ഉതുപ്പ് നിർമ്മിച്ച് രാജേഷ് ഇരുളം സംവിധാനം ചെയ്യുന്ന നൊണ എന്ന ചിത്രത്തിന്റെ ടീസർ പോസ്റ്റർ, പ്രശസ്ത ചലച്ചിത്ര താരങ്ങളുടെ ഫേയ്സ് ബുക്ക് പേജുകളിലൂടെ റിലീസ് ചെയ്തു.

ഗോഡ് വിൻ,ബിജു ജയാനന്ദൻ,സതീഷ് കെ കുന്നത്ത്,പ്രമോദ് വെളിയനാട്,ശ്രീജിത്ത് രവി,ജയൻ തിരുമന,ശിശിര സെബാസ്റ്റ്യൻ,സുധ ബാബു,പ്രേമ വണ്ടൂർ തുടങ്ങിയവരാണ് മറ്റു നടീനടന്മ ാർ.രചനഹേമന്ത് കുമാർ,ഛായാഗ്രഹണംപോൾ ബത്തേരി,ഗാനരചനസിബി അമ്പലപ്പുറം,സംഗീതംറെജി ഗോപിനാഥ്,

ബിജിഎംഅനിൽ മാള,കലസുരേഷ് പുൽപ്പള്ളി,സുനിൽ മേച്ചേന,മേക്കപ്പ്ജിജു കൊടുങ്ങല്ലൂർ,വസ്ത്രാലങ്കാരംവക്കം മഹീൻ,പ്രൊഡക്ഷൻ കൺട്രോളർസന്തോഷ് കുട്ടീസ്,ചീഫ് അസോസിയേറ്റ് ഡയറക്ടർഎം രമേശ് കുമാർ,സൗണ്ട്ഡിസൈൻഗണേഷ് മാരാർ,സ്റ്റിൽസ്നൗഷാദ് ഹോളിവുഡ്,പി ആർ ഒഎ എസ് ദിനേശ്.

# ഭട്ടതിരിപാടിന്റെ നാരായണീയം ഇന്ദ്രിയങ്ങളും മനസ്സും നിയന്ത്രിച്ച രചന : ഡോ. കെ.എസ് രാധാകൃഷ്ണൻ

**കൊച്ചി :** രാഗമുക്തമായ ലോകം നിർമ്മിക്കുകയാണ് നാരായണീയം ചെയ്യുന്നതെന്നെന്നും ഇന്ദ്രീയങ്ങളും മനസ്സും നിയന്ത്രിച്ച എഴുത്താണിതെന്നും ഡോ.കെ.എസ്.രാധാകൃഷ്ണൻ. ഭഗവാന്റെ മുന്നിൽവെച്ച് രചന നിർവ്വഹിച്ച ഗ്രന്ഥമാണ് ഭട്ടതിരിപാടിന്റെ നാരായണീയം എന്നാണ് വിവക്ഷ. ഇത് സംബന്ധിച്ച് ഗവേഷണം ആവശ്യമാണെന്നും അദ്ദേഹം പറഞ്ഞു. എറണാകുളത്തപ്പൻ മൈതാനത്ത് നടക്കുന്ന നാരായണീയം പരിപാടിയിൽ നാരായണീയവും, ഭരത സംസ്ക്കാരവും എന്നവിഷയത്തിൽ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. രാവിലെ ഗണപതി ഹോമം, തടർന്ന് ബ്രഹ്മശ്രീ ഓംകാര തന്ത്രികളുടെ നേതൃത്വത്തിൽ നവഗ്രഹ ശാന്തി ഹോമത്തിനും ശേഷം വിവിധ മേഖലകളിൽ നിന്നെത്തിയ നാരായണീയ സംഘങ്ങൾ നാരായണീയ പാരായണം നടത്തി. ദക്ഷിണേന്ത്യയിലെ പ്രശസ്തമായ പുത്തിഗൈയിലെ ജഗത്ഗുരു മാധവാചര്യമഠത്തിലെ മഠാതിപതി സുശ്രീദ്ധ തീർത്ഥ സ്വാമിയെ ശ്രീമദ് ശ്രീനാരായണിയ മഹോത്സവ സംഘാടകർ പൂർണ്ണകുംഭത്തോടെ പരിപാടിയിലേക്ക് എതിരേറ്റു. എറണാകുളം സത്യസായിപ്രവർത്തകനായ വെങ്കിടസുബ്രഹ്മണ്യം സ്വാമിക്ക് പൂർണ്ണകുംഭം നൽകി എതിരേറ്റു. പി.എൻ. അതികായൻ, എൻ. ആർ. സുധാകരൻ, മാങ്കോട് രാമകൃഷ്ണൻ, കെ. മുരളീധരൻ, വി.എസ്. മുരളീധരൻ, സുനിൽകുമാർ എന്നിവർ സ്വീകരണത്തിന് നേതൃത്വം നൽകി. തുടർന്ന് പ്രഭാഷണം നടത്തിയ സ്വാമി നന്ദാത്മജൻ ഭക്തിഗാനപാരായണത്തോടെ ശ്രീകൃഷ്ണരൂപം ക്യാൻവാസിൽ വരച്ചു. പണക്കാരന്റെ വീട്ടിലെ വേലക്കാരിക്ക് തുല്യമായ ജീവിതമാണ് നമുക്ക് ലഭിച്ചിട്ടുള്ളതെന്നും , മനശുദ്ധി ആർജ്ജിക്കലാണ് ജീവിത ലക്ഷ്യമെന്നും ഭക്തരെ ഓർമ്മിപ്പിച്ചു. നാരായണീയവും വേദാന്തസാരവും എന്ന വിഷയത്തിൽ തൃക്കാക്കര വിജയലക്ഷ്മിയുടേയും, നാരായണീയവും പ്രകൃതി സംരക്ഷണം എന്ന വിഷയത്തിൽ കാ.ഭാ. സുരേന്ദ്രൻ എന്നിവർ പ്രഭാഷണം നടത്തി. ദീപാരാധനക്ക് ശേഷം ആർട്ട് ഓഫ് ലിവിംഗിന്റെ സത്സംഗ് ഉണ്ടായിരുന്നു.



ദക്ഷിണേന്ത്യയിലെ പ്രശസ്തമായ പുത്തിഗൈ ജഗത്ഗുരു മാധവാചര്യമഠത്തിലെ മഠാതിപതി സുശ്രീദ്ധ തീർത്ഥ സ്വാമിയെ ശ്രീമദ് ശ്രീനാരായണിയ മഹോത്സവ സംഘാടകർ നാരായിണീയ മഹോത്സവ വേദിയിലേയ്ക്ക് പൂർണ്ണകുംഭത്തോടെ എതിരേൽക്കുന്നു.

# കുട്ടികളിലെ പഠന വൈകല്യം കണ്ടെത്തൽ : ജില്ലയിലെ 1000 അധ്യാപകർക്ക് പരിശീലനം

**കൊച്ചി:** കുട്ടികളിലെ പഠന വൈകല്യം കണ്ടെത്തുന്നതിനായി ഇന്ത്യൻ അക്കാഡമി ഓഫ് പീഡിയാട്രിക്സിന്റെ (ഐ.എ.പി) നേതൃത്വത്തിൽ ജില്ലാ ഭരണകൂടവും, ചൈൽഡ് കെയർ സെന്റർ, റോട്ടറി ക്ലബ്ബ് ഓഫ് കൊച്ചിൻ, എസ്.സി.എം.എസ് കോളജ് എന്നിവർ സംയുക്തമായി സംഘടിപ്പിക്കുന്ന 'ലേണിംഗ് ഫ്രണ്ട്ലി എറണാകുളം ഡിസ്ട്രിറ്റ്' പരിശീലന പദ്ധതി ഉദ്ഘാടനം ചെയ്തു. ആദ്യഘട്ടത്തിൽ എസ്.എസി.എം.എസ് കോളജിലെ തിരഞ്ഞെടുക്കപ്പെട്ട 50 വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നു. തുടർന്ന് ഇവർ ജില്ലയിലെ 100 സ്കൂളുകളിലെ 10 വീതം അധ്യാപകർക്ക് പരിശീലനം നൽകുന്നതാണ് പദ്ധതി. പദ്ധതിയുടെ ഉദ്ഘാടനം പനമ്പിള്ളി നഗർ റോട്ടറി ബാലഭവനിൽ നടന്ന ചടങ്ങിൽ ഡിസ്ട്രിക്റ്റ് ഡെവലപ്മെന്റ് കമ്മീഷണർ എം.എസ് മാധവിക്കുട്ടി ഐ.എ.എസ് നിർവ്വഹിച്ചു. പഠന വൈകല്യമുള്ള കുട്ടികളുടെ എണ്ണം അനുദിനം വർധിച്ചുവരുന്നതായിട്ടാണ് കണക്കുകൾ സൂചിപ്പിക്കുന്നതെന്ന് എം.എസ് മാധവിക്കുട്ടി ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. തുടക്കത്തിൽ തന്നെ പഠനവൈകല്യം കണ്ടെത്തിയാൽ ഇത് പരിഹരിച്ച് ഇവരെ മുന്നോട്ടു കൊണ്ടുവരാൻ സാധിക്കും.




'ലേണിംഗ് ഫ്രണ്ട്ലി എറണാകുളം ഡിസ്ട്രിറ്റ്' പരിശീലന പദ്ധതിയുടെ ഉദ്ഘാടനം പനമ്പിള്ളി നഗർ റോട്ടറി ബാലഭവനിൽ ഡിസ്ട്രിക്റ്റ് ഡെവലപ്മെന്റ് കമ്മീഷണർ എം.എസ് മാധവിക്കുട്ടി ഐ.എ.എസ് നിർവ്വഹിക്കുന്നു. ഡോ.അനിത മാത്യു,ഡോ. രേഖ സക്കറിയ,ഡോ.എം.എസ് നൗഷാദ്, ഡോ.അബ്രാഹം കെ.പോൾ,പ്രകാശ് അസ്വാനി,പ്രൊഫ. പ്രമോദ് പി. തേവന്നൂർ,ഡോ.എം.ഐ. ജുനൈദ് റഹ്മാൻ എന്നിവർ സമീപം.

ഇതിനായി കൂട്ടായ പ്രയത്നം അനിവാര്യമാണെന്നും എം.എസ് മാധവിക്കുട്ടി പറഞ്ഞു. ചടങ്ങിൽ ചൈൽഡ് കെയർ സെന്റർ വെബ്സൈറ്റിന്റെ ഉദ്ഘാടനവും എം.എസ് മാധവിക്കുട്ടി നിർവ്വഹിച്ചു. കുട്ടികളിലെ പഠന വൈകല്യ നിർണ്ണയത്തിനും നിവാരണത്തിനുമായി 1995 ൽ സ്ഥാപിതമായതാണ് ചൈൽഡ് കെയർ സെന്റർ. കേരളത്തിലെ ആദ്യത്തേതുമാണ്.ഐ.എ.പി കൊച്ചിൻ ബ്രാഞ്ച് പ്രസിഡന്റ് ഡോ.എം.എസ് നൗഷാദ് അധ്യക്ഷത വഹിച്ചു. ചൈൽഡ് കെയർ സെന്റർ സൈക്കോളജിസ്റ്റ് ഡോ.അനിത മാത്യു, ചൈൽഡ് കെയർ സെന്റർ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ.അബ്രാഹം കെ.പോൾ, റോട്ടറി ക്ലബ്ബ് ഓഫ് കൊച്ചിൻ പ്രസിഡന്റ് പ്രകാശ് അസ്വാനി, എസ്.സി.എം.എസ് ഗ്രൂപ്പ് ഓഫ് എജ്യുക്കേഷണൽ ഇൻസ്റ്റിറ്റിയൂഷണൽ വൈസ് ചെയർമാൻ പ്രൊഫ. പ്രമോദ് പി. തേവന്നൂർ, ഐ.എ.പി മുൻ പ്രസിഡന്റ് ഡോ. എം.ഐ.ജുനൈദ് റഹ്മാൻ,ഐ.എ.പി കൊച്ചിൻ ബ്രാഞ്ച് സെക്രട്ടറി ഡോ. രേഖ സക്കറിയ തുടങ്ങിയവർ സംസാരിച്ചു.

## ഗോപിക നൃത്തം നാളെ ; ആശാ ശരത്ത് ഉദ്ഘാടനം ചെയ്യും

**കൊച്ചി:** എറണാകുളത്തപ്പൻ ഗ്രൗണ്ടിൽ നടന്നുവരുന്ന നാരായണീയ മഹോത്സവ വേദിയിൽ നാളെ ഉച്ചകഴിഞ്ഞ് 2ന് ഗോപികാ നൃത്തം അരങ്ങേറും. ഉദ്ഘാടനം സിനിമാതാരം ആശാ ശരത്ത് നിർവ്വഹിക്കും. കലാമണ്ഡലം സുമതി, കലാമണ്ഡലം ജെയിൻ, കലാമണ്ഡലം ബീന, സൗമ്യ വിനോദ് (അർപ്പണ സ്കൂൾ ഓഫ് ഡാൻസ്) തുടങ്ങിയവരും സംബന്ധിക്കും. കഴിഞ്ഞമാസം 30 ന് നടന്ന ഗോപിക നൃത്തമത്സരത്തിലെ വിജയികൾക്ക് ഗോപിക നൃത്തവേദിയിൽ സമ്മാനവും വിതരണം ചെയ്യുമെന്ന് കോർഡിനേറ്റർ സി.വി.സജിനി, ഉഷകുമാരി എന്നിവർ അറിയിച്ചു.

## തൊഴിലധിഷ്ഠിത കോഴ്സുകളിലേക്ക് അപേക്ഷിക്കാം

**കൊച്ചി:**കേരള സർക്കാർ സ്ഥാപനമായ എൽ.ബി.എസ് സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജിയുടെ കളമശ്ശേരി മേഖലാ കേന്ദ്രത്തിൽ ആരംഭിക്കുന്ന വിവിധ തൊഴിലധിഷ്ഠിത കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ഡിപ്ലോമ ഇൻ വെബ് ടെക്നോളജി കോഴ്സിന് പ്ലസ് ടു യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം, ഡിപ്ലോമ ഇൻ കമ്പ്യൂട്ടറൈസ്ഡ് ഫിനാൻഷ്യൽ അക്കൗണ്ടിംഗ് കോഴ്സിന് പ്ലസ് ടു കോമേഴ്സ് യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. പത്താംക്ലാസ് യോഗ്യതയുള്ളവർക്ക് ഇന്റഗ്രേറ്റഡ് ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ഹാർഡ് വെയർ ആന്റ് നെറ്റ്വർക്ക് മെയിന്റനൻസ് കോഴ്സിനും ഡേറ്റ എൻട്രി ആന്റ് ഓഫീസ് ഓട്ടോമേഷൻ കോഴ്സിനും അപേക്ഷിക്കാം. നവംബർ 18ന് കോഴ്സുകൾ ആരംഭിക്കും.താൽപ്പര്യമുള്ളവർ www.lbscetnre.kerala.gov.in എന്ന വെബ്സൈറ്റ് മുഖേന ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. പട്ടികജാതി പട്ടികവർഗ വിഭാഗങ്ങളിലും മറ്റ് അർഹതപ്പെട്ട വിഭാഗങ്ങളിലും പെടുന്ന വിദ്യാർത്ഥികൾക്ക് നിയമാനുസൃതമായ ഫീസ് ആനുകൂല്യങ്ങൾ ലഭിക്കും. ഫോൺ : 7025310574, 04842541520

# കുട്ടികളുടെ ഉല്ലാസത്തിന് ' കിഡ്സ് ക്യാപിറ്റൽ ' ; സംരംഭവുമായി വീട്ടമ്മ



**കൊച്ചി:** സ്ക്രീനുകളിലും അമ്പരപ്പിക്കുന്ന ഡിജിറ്റൽ മിഥ്യാധാരണകളിലും അടിമപ്പെട്ടു പോകുന്ന നവ യുഗത്തിലെ ബാല്യങ്ങളെ മോചിപ്പിച്ചെടുക്കാൻ യുവതിയായൊരു വീട്ടമ്മയുടെ മനസ്സിൽ കുരുത്തൊരു മോഹ സാഫല്യമാണ് പ്ലേ ഹൗസ് അമ്യൂസ്മെൻറ് സ്റ്റാർട്ടപ്പ് കമ്പനിയും ' ദി കിഡ്സ് ക്യാപിറ്റൽ ' എന്ന കുട്ടികളുടെ യന്ത്രരഹിതമായ കളിസ്ഥലവും. അനുഭവങ്ങളുടെ നേരറിവിൽ നിന്നും രൂപംകൊണ്ട ഈ യന്ത്ര രഹിത കളിയിടത്തിൽ കുട്ടികൾക്ക് സങ്കൽപ്പിക്കാനും, കളിക്കാനും, പരിധിയില്ലാതെ ആസ്വദിച്ച് മാനസിക ശാരീരിക ഉല്ലാസത്തിനും വളർച്ചയ്ക്കും ഇവിടെ അവസരമുണ്ടെന്ന് കിഡ്സ് ക്യാപിറ്റലിന്റെ സാരഥിയായ ദീപാ രാജേന്ദ്രബാബു വാർത്താ സമ്മേളനത്തിൽ പറഞ്ഞു. പൂർണ്ണമായും ശീതികരിച്ച കിഡ്സ് ക്യാപിറ്റലിൽ രുചികരമായ ഭക്ഷണം ആസ്വദിച്ചു കുട്ടികളുടെ ജന്മദിനം, കിറ്റി പാർട്ടീസ് തുടങ്ങിയ ആഘോഷ പരിപാടികൾ നടത്താവുന്ന പാർട്ടി ഏരിയ കുട്ടികളുടെയും മുതിർന്നവരുടെയും ഓർമ്മകളിൽ എക്കാലവും അത്ഭുതത്തോടെ തങ്ങിനിൽക്കും. നൂതനവും ചിന്തനീയവും രസകരവുമായ നിരവധി പ്രവർത്തനങ്ങൾക്കൊപ്പം കളിയുടെയും പഠനത്തിൻറെയും സംഗമ ഭൂമി കൂടിയാണ് കൊച്ചിയിലെ ഇരുമ്പനത്തെ കൊച്ചി മധുര എൻ എച്ച് 85നോട് ചേർന്ന് സ്ഥിതി ചെയ്യുന്ന ഹൈ സ്ട്രീറ്റ് കാർണിവൽ മാളിലെ ഈ കിഡ്സ് പാർക്ക്. വിശാലമായ യന്ത്ര രഹിത പ്ലേ ഏരിയ, സുരക്ഷിതവും സൂപ്പർവൈസ്ഡുമായ കളികൾ, അന്താരാഷ്ട്ര ശുചിത്വ സുരക്ഷ മാനദണ്ഡങ്ങൾ, ഭാവനയുടെയും സർഗാത്മകതയുടെയും ലോകം, സ്വാദിഷ്ടമായ ഫുഡ് കഫെ, പാർട്ടി ഹാൾ എന്നിവയാണ് കിഡ്സ് ക്യാപിറ്റലിൽ ഒരുക്കിയിരിക്കുന്നത്.സൂപ്പർവൈസർമാരുടെ നിരന്തരമായ നിരീക്ഷണം, ഉന്നത ഗുണനിലവാരമുള്ള വസ്തുക്കളാൽ നിർമ്മിച്ച കളി ഉപകരണങ്ങൾ, പ്രായവ്യത്യാസം അനുസരിച്ചുള്ള കളിസ്ഥലങ്ങൾ, സുരക്ഷ മാർഗ്ഗ നിർദ്ദേശ സൂചികകൾ, ക്യാമറ നിരീക്ഷണ സംവിധാനം തുടങ്ങിയവ സുരക്ഷയ്ക്കായി ഏർപ്പെടുത്തിയിട്ടുടുണ്ട്. പ്രതലവും, കളിപ്പാട്ടങ്ങളും, കളി ഉപകരണങ്ങളും രോഗാണു മുക്തമാക്കുന്ന കർശന ക്ലീനിംഗ് പ്രോട്ടോകോൾ, ശുചിത്വ നിലവാരവും അണുവിമുക്തമായ അന്തരീക്ഷവും പരിശോധിച്ചു ഉറപ്പുവരുത്താൻ പരിശീലനം ലഭിച്ച ജീവനക്കാർ, പതിവ് വായു ഗുണനിലവാര പരിശോധനകൾ, ജീവനക്കാർക്കിടയിൽ നിർബന്ധ രോഗപരിശോധന തുടങ്ങിയ കാര്യങ്ങൾ ശുചിത്വ മാനദണ്ഡത്തിൻറെ ഭാഗമായി നടക്കും. കുട്ടികളുടെ ക്രിയാത്മകതയും ഭാവന ശേഷിയും വർദ്ധിപ്പിക്കാനായി പസ്സിൽ പറുദീസ, വിവിധ നിർമ്മാണങ്ങൾ, നിർമ്മാണ പരിശീലനങ്ങൾക്കുള്ള ലെഗോ ശേഖരം, കോട്ടകൾ നിർമിക്കാനും മറഞ്ഞിരിക്കുന്ന നിധികൾ കണ്ടെത്താനുമായി സാൻഡ് പ്ലേ ഒയാസിസ്, കലാപരമായ കഴിവുകൾ വർദ്ധിപ്പിക്കാൻ കളിമൺ സൃഷ്ടികൾ, സാഹസികതക്കായി സ്ലൈംസെൻസേഷൻ എന്നിവ സജ്ജമാക്കിയിട്ടുണ്ട്. കുട്ടികൾ ഏറെ ഇഷ്ടപ്പെടുന്ന വിവിധ തരം ഭക്ഷണ സാധനങ്ങൾ, പാനിയങ്ങൾ, മധുര പലഹാരങ്ങൾ, മുതിർന്നവർക്ക് ഭക്ഷണങ്ങൾ ആസ്വദിച്ചു വിശ്രമിക്കുന്നതിനും ഉതകുന്നതാണു ഫുഡ് കഫെയിലെ മെനു.ആകർഷകമായ ഡാൻസ് ഫ് ളോർ ഇവിടത്തെ മറ്റൊരു പ്രത്യേകതയാണ്. നൃത്ത ചുവടുകൾക്ക് അനുസരിച്ച് വിവിധ വർണ്ണങ്ങളിൽ പ്രകാശിക്കുന്ന ലൈറ്റുകളും അതിശയകരമായ ശബ്ദ സംവിധാനങ്ങളുംകൊണ്ട് സജ്ജീകരിച്ചിരിക്കുന്നു.മൂന്നു കോടിയിൽപരം രൂപ മുടക്കി നിർമ്മിച്ചിരിക്കുന്ന ഇവിടത്തെ കളി ഉപകരണങ്ങൾ, ലൈറ്റ് തുടങ്ങിയ മുഴുവൻ ഉപകരണങ്ങളും വിദേശ രാജ്യങ്ങളിൽ നിന്നും ഇറക്കുമതി ചെയ്തവയാണ്. സാധാരണ ദിവസങ്ങളിൽ രാവിലെ 11 മുതൽ രാത്രി 8 വരെയും ഞായറാഴ്ചയും മറ്റ് അവധി ദിവസങ്ങളിലും രാത്രി 9 വരെയുമാണ് പ്രവർത്തന സമയം. ഒരു ടിക്കറ്റിൽ 14 വയസ്സുള്ള ഒരു കുട്ടിക്കും മുതിർന്ന ഒരാൾക്കും പ്രവേശനം ലഭിക്കും. അടുത്ത മൂന്നു വർഷത്തിനുള്ളിൽ സംസ്ഥാനത്തിൻറെ വിവിധ ഭാഗങ്ങളിൽ 5 സെൻ്ററുകൾ ആരംഭിക്കുമെന്നും ഇതിനകം തന്നെ നിരവധി അന്വേഷണങ്ങൾ ലഭിക്കുന്നുണ്ടെന്നും ദീപാ രാജേന്ദ്രബാബു പറഞ്ഞു.

# ലുലു ഡ്യൂട്ടി ഫ്രീ അബുദാബി വിമാനത്താവളത്തിലും



**അബുദാബി:** അബുദാബി അന്താരാഷ്ട്ര വിമാനത്താവളത്തിൽ കഴിഞ്ഞ ദിവസം പ്രവർത്തനം ആരംഭിച്ച ടെർമിനൽ എ യിൽ ലുലു ഡ്യൂട്ടി ഫ്രീ ഔട്ട് ലെറ്റ് തുറന്നു. ഇതാദ്യമായാണ് ഒരു അന്താരാഷ്ട്ര വിമാനത്താവളത്തിൽ ലുലു പ്രവർത്തനം ആരംഭിക്കുന്നത്. ചോക്ലേറ്റ്സ്, ഡ്രൈ ഫ്രൂട്ട്, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവ ആകർഷകമായ നിരക്കിൽ ഇവിടെ നിന്നും ലഭിക്കും. ഇമ്മിഗ്രേഷൻ ഗേറ്റ് കഴിഞ്ഞുള്ള ഡ്യൂട്ടി ഫ്രീ ഭാഗത്താണ് ലുലു ഔട്ട് ലെറ്റ്. യാത്ര പോകാൻ കാത്തിരിക്കുന്ന സ്ഥലത്തായത് കൊ് തന്നെ ലുലു ഡ്യൂട്ടി ഫ്രീയിൽ യാത്രക്കാർക്ക് എളുപ്പത്തിൽ എത്തിച്ചേരാനാകുംലോകോത്തര സൗകര്യങ്ങളോടെ പ്രവർത്തനം ആരംഭിച്ച അബുദാബി ടെർമിനൽ എ യിൽ ലുലു പ്രവർത്തനം ആരംഭിക്കാൻ സാധിച്ചതിൽ ഏറെ സന്തോഷമുന്നെ് ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ. യൂസഫലി പറഞ്ഞു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് പോകുന്ന യാത്രക്കാർക്ക് ലുലു ഡ്യൂട്ടി ഫ്രീ മികച്ച അനുഭവമായിരിക്കും നൽകുകയെന്നും ഇതിനായുള്ള സൗകര്യങ്ങൾ ഒരുക്കിത്തന്ന അബുദാബി ഭരണാധികാരികൾക്ക് നന്ദി പറയുന്നുവെന്നും അദ്ദേഹം പറഞ്ഞു.742,000 ചതുരശ്ര മീറ്റർ ഉൾക്കൊള്ളുന്ന ടെർമിനൽ എ ലോകത്തിലെ ഏറ്റവും വലിയ എയർപോർട്ട് ടെർമിനലുകളിൽ ഒന്നാണ്. ഓരോ വർഷവും 45 ദശലക്ഷം യാത്രക്കാരെ ഉൾക്കൊള്ളാനുള്ള കഴിവ്. ഈ മാസം 15 മുതൽ ഇത്തിഹാദ് എയർവേസ്, എയർ അറേബ്യ അബുദാബി, വിസ് എയർ എന്നിവയുൾപ്പെടെ എല്ലാ എയർ ലൈനുകൾക്കും ടെർമിനൽ എ സേവനം നൽകും

# ചോയ്സ് ഗ്രൂപ്പ് വാല്യു ഇന്നൊവേഷൻ ഡിവിഷൻ 12ന് ഉദ്ഘാടനം ചെയ്യും

**കൊച്ചി:** ചോയ്സ് ഗ്രൂപ്പിന്റെ പുതിയ വാല്യു ഇന്നൊവേഷൻ ഡിവിഷൻ പള്ളുരുത്തിയിൽ 12ന് രാവിലെ 10ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.മന്ത്രി പി രാജീവ് ചടങ്ങിൽ മുഖ്യാതിഥിയായിരിക്കും. ചോയ്സ് ഗ്രൂപ്പ് ചെയർമാനും മാനേജിങ് ഡയറക്ടറുമായ ജോസ് തോമസ്, കൊച്ചി മേയർ അഡ്വ. എം അനിൽ കുമാർ, ഹൈബി ഈഡൻ എം പി, എ എം ആരിഫ് എം പി, കെ ജെ മാക്സി എം എൽ എ, കെ ബാബു എം എൽ എ, കൗൺസിലർ ലൈലാ ദാസ് എന്നിവർ ചടങ്ങിൽ പങ്കെടുക്കും.

# പുതുതലമുറയെ മൂല്യബോധമുള്ളവരായി വളർത്തണം: ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ




**കൊച്ചി:** അഴിമിതിയും കുറ്റകൃത്യങ്ങളും കുറയ്ക്കാൻ പുതുതലമുറയെ മൂല്യബോധമുള്ളവരായി വളർത്തണമെന്ന് ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ. പൗരൻമാരുടെ സ്വഭാവ രൂപീകരണമാണ് രാഷ്ട്രനിർമാണത്തിന്റെ അടിത്തറയെന്നും അദ്ദേഹം പറഞ്ഞു. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) നടത്തിയ വിജിലൻസ് ബോധവൽകരണ കാംപയിനിന്റെ സമാപന സംഗമത്തിൽ മുഖ്യാതിഥിയായി സംസാരിക്കുകയായിരുന്നു ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ. സാമൂഹ്യ അർബുദമായ അഴിമതി ഏറ്റവും കൂടുതൽ ബാധിക്കുന്നത് സമൂഹത്തിലെ ഏറ്റവും ദുർബലരായ വിഭാഗത്തെയാണ്. ഏറ്റവും കൂടുതൽ ചൂഷണത്തിന് ഇരയാകുന്നത് ഇവരാണ്. കോടതിയിൽ വരുന്ന കേസുകളിൽ 99 ശതമാനവും അഴിമതിയുമായി ബന്ധപ്പെട്ടതാണ്.ശിക്ഷ ഭയന്ന് നിയമം അനുസരിക്കാൻ നിർബന്ധിതരാകുന്നതിന് പകരം നിയമത്തെ ബഹുമാനിക്കാൻ ശീലിക്കുകയാണ് വേണ്ടതെന്നും ജസ്റ്റിസ് രാമചന്ദ്രൻ പറഞ്ഞു.വിജിലൻസ് ബോധവത്കരണ കാമ്പയിന്റെ ഭാഗമായി സ്കൂൾ വിദ്യാർഥികൾക്കും സിഎംഎഫ്ആർഐ ജീവനക്കാർക്കുമായി പ്രഭാഷണങ്ങൾ, ബോധവൽക്കരണ ക്ലാസുകൾ, പാനൽ ചർച്ച, വിവിധ മത്സരപരിപാടികൾ തുടങ്ങിയവ നടത്തിയിരുന്നു.മുദ്രാവാക്യ രചന, ചിത്രരചന, പ്രശ്നോത്തരി, പോസ്റ്റർ അവതരണം എന്നീ മത്സരങ്ങളിലെ വിജയികൾക്ക് ചടങ്ങിൽ ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ സമ്മാനങ്ങൾ വിതരണം ചെയ്തു.

സിഎംഎഫ്ആർഐ ഡയറക്ടർ ഡോ.എ.ഗോപാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. വിജിലൻസ് ഓഫീസറും സിഎംഎഫ്ആർഐയുടെ ഫിഷറീസ് റിസോഴ്സസ് അസസ്മെന്റ്, ഇക്കണോമിക്സ്, എക്സ്റ്റൻഷൻ വിഭാഗം മേധാവിയുമായ ഡോ.ജെ.ജയശങ്കർ, ഡോ. മിറിയം പോൾ ശ്രീറാം എന്നിവർ പ്രസംഗിച്ചു.

# ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക് ഓഹരികൾ 20 ശതമാനം പ്രീമിയത്തോടെ ലിസ്റ്റു ചെയ്തു

**കൊച്ചി:** ഐപിഒയ്ക്ക് ശേഷം ലിസ്റ്റു ചെയ്ത ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക് ഓഹരികൾക്ക് മികച്ച തുടക്കം. എക്സ്ചേഞ്ചിൽ 20 ശതമാനം പ്രീമിയത്തോടെയാണ് ഓഹരികൾ തുടക്കം കുറിച്ചത്. ബിഎസ്ഇയിൽ 71.90 രൂപയും എൻഎസ്ഇയിൽ 71 രൂപയുമായിരുന്നു വില. യഥാക്രമം 19.83 ശതമാനവും 18.33 ശതമാനവും പ്രീമിയം. ബിഎസ്ഇയിൽ 15.08 ശതമാനം പ്രീമിയത്തിൽ 69.05 രൂപയിലും എൻഎസ്ഇയിൽ 14.67 ശതമാനം പ്രീമിയത്തിൽ 68.80 രൂപയിലുമാണ് കമ്പനിയുടെ ഓഹരികൾ ക്ലോസ് ചെയ്തത്. എൻഎസ്ഇയിൽ 689.52 ലക്ഷം ഓഹരികളാണ് ട്രേഡ് ചെയ്യപ്പെട്ടത്. ബിഎസ്ഇയിൽ ഇത് 49.42 ലക്ഷം ഓഹരികളുമായിരുന്നു. ഇരു എക്സ്ചേഞ്ചുകളിലുമായി 528.76 കോടി രൂപയുടെ ആകെ വിറ്റുവരവാണ് ആദ്യ ദിനം രേഖപ്പെടുത്തിയത്. തങ്ങളുടെ യാത്രയിൽ നിങ്ങൾക്കുള്ള ആത്മവിശ്വാസമാണ് ഐപിഒയുടെ വിജയത്തിനു പിന്നിലുള്ള യഥാർത്ഥ ഘടകമെന്ന് ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക് സ്ഥാപകനും മാനേജിങ് ഡയറക്ടറും സിഇഒയുമായ കെ പോൾ തോമസ് പറഞ്ഞു. ഈ നാഴികക്കല്ല് മികച്ചൊരു നേട്ടമാണ്. തങ്ങളുടെ ഓഹരി ഉടമകൾക്കു മാത്രമല്ല, ഉപഭോക്താക്കൾക്കും ദീർഘകാല മൂല്യം ലഭ്യമാക്കാൻ തങ്ങൾ പ്രതിബദ്ധരായിരിക്കുമെന്നും അദ്ദേഹം പറഞ്ഞു. ബിഎസ്ഇയിലെ ഇന്നത്തെ ക്ലോസിങ് വില പ്രകാരം കമ്പനിയുടെ വിപണി മൂല്യം 3,554.55 കോടി രൂപയാണ്. എൻഎസ്ഇയിലെ ക്ലോസിങ് പ്രകാരം ഇത് 3,541.68 കോടി രൂപയുമാണ്.

# യെസ് ബിസ്കോൺക്ലേവും അവാർഡ്നിശയും സംഘടിപ്പിച്ചു



**കൊച്ചി:** എന്റെ സംരംഭം ബിസിനസ്സ് മാഗസിനും സംരഭക സംഘടനയായ ഫെഡറേഷൻ ഓഫ് ബിസിനസ് ഓർഗനൈസേഷനും (എഫ്ബിഒ) ചേർന്ന് കൊച്ചിയിൽ സംഘടിപ്പിച്ച യെസ് 2023 മന്ത്രി സജി ചെറിയാൻ ഉദ്ഘാടനം ചെയ്തു. കല്യാൺ ഗ്രൂപ്പ് ചെയർമാൻ ടി.എസ് പട്ടാഭിരാമൻ അധ്യക്ഷത വഹിച്ചു. എഫ്ബിഒ സംസ്ഥാന ജനറൽ സെക്രട്ടറി അനസ് മനാറ, എന്റെ സംരംഭം മാനേജിങ് ഡയറക്ടർ രങ്കു കെ.എച്ച്, ജോഹർ (സിൽക്കി) എന്നിവർ പ്രസംഗിച്ചു. എന്റെ സംരംഭം സിഇഒ അന്ന സൂസൻ നയിച്ച പാനൽ ചർച്ചയിൽ മധുഭാസ്കർ (ബിസിനസ് സ്ട്രാറ്റജിസ്റ്റ് ), രാകേഷ് മേനോൻ (പ്രിവ്യു), ടി.പി മഹേഷ് (കല്യാൺ ഗ്രൂപ്പ്), ഷിജോ കെ. തോമസ് (ഓക്സിജൻ), അബ്ദുൽ റസാഖ് (വികെസി), മാത്യു ജോസഫ് (ഫ്രഷ് ടു ഹോം), ജോതിഷ് കുമാർ (ലൂക്കർ) എന്നിവർ പങ്കെടുത്തു.സംരംഭക മേഖലയിൽ മികവ് തെളിയിച്ച സികെപി മുജേഷ് (ഇന്നവേറ്റീവ് ഫോം വർക്സ്, ബ്രാൻഡ് എസ്എഫ്എഫ്ഇ സിസ്റ്റംസ്), സൽമാൻ ഫാരിസ് (മോസ്റ്റ് ട്രസ്റ്റഡ് ബിൽഡ് വെയർ ബ്രാന്റ് ഓഫ് ദ ഇയർ ക്യൂട്ടോവെയർ), നീതു ബോബൻ (ട്രസ്റ്റഡ് ലാംഗ്വേജ് ഇൻസ്റ്റിറ്റിയൂഷൻ ഓഫ് ദ ഇയർനീതൂസ് അക്കാദമി), ഫസൽ റഹ്മാൻനീന ആസാദ് (ട്രസ്റ്റഡ് എഡ്യൂക്കേഷണൽ ബ്രാൻഡ് ഓഫ് ദ ഇയർ ബ്ലിറ്റ്സ് അക്കാദമി), അൻസി ഫൈസൽ (ഹെർബൽ കോസ്മറ്റിക്സ് ബ്രാന്റ് ഉമ്മച്ചീസ് നാച്ചുറൽ കെയർ), രാജേഷ് മാത്യു (ബെസ്റ്റ് ഇവന്റ് വെന്യുഗ്രാന്റ് അരീന കൺവൻഷൻ സെന്റർ), അരുൺ കെ. മുരളി (ബെസ്റ്റ് ട്രേഡിങ് ഇൻസ്റ്റിറ്റ്യൂട്ട്ട്രേഡ്മാക്സ് അക്കാദമി), റോയ് പോൾ (എക്സലൻസ് ഇൻ ദ കാറ്റഗറി ഓഫ് അയൺ ആൻഡ് റൂഫിങ്റോയൽ മെറ്റല്ലോയിഡ്സ് ), കുൽദീപ് കൃഷ്ണ (മാസ്റ്റർ ഓഫ് ടാറ്റൂ ആർട്ടിസ്റ്റ്ദ ഡീപ്പിങ്ക് ടാറ്റൂസ്), ദീപ്തി ജോൺ തരകൻ (ബെസ്റ്റ് ഓവർസീസ് എഡ്യൂക്കേഷണൽ ബ്രാൻഡ്മസാക്കോ ഗ്ലോബൽ), മേഴ്സി എഡ്വിൻ (ദ ഫാഷൻ ടെന്റ് സെറ്റർമരിയൻ ബോട്ടീക് ), ഡോ. പ്രണവ് രാജഗോപാൽ (യങ് എന്റർപ്രണറർ കേൾസ് ആന്റ് കർവ്സ് കോസ്മറ്റിക് ഹോസ്പിറ്റൽ), ആർച്ച ഉണ്ണി (വുമൺ എന്റർപ്രണറർപകൽ പ്രൊഡക്ഷൻസ് ആന്റ് എന്റർറ്റെയ്ൻ മെന്റ്സ്), ലിസി ബിജു (ബിസിനസ് ഇന്നവേഷൻ പയനീർകോറൽ എക്സ്പോർട്സ് ആന്റ് ക്യാപ്റ്റൻ ഫ്രഷ്), നിക്കാഷ് കെ.വി (ബെസ്റ്റ് കാർ ഡിറ്റെയ്ലിങ്സെറാമിക് പ്രോ കോഴിക്കോട്), സി. മുഹമ്മദ് ഷാജർമുസ്തഫ കെ.യു (ബെസ്റ്റ് സ്റ്റാർട്ടപ്പ്, അഗ്വ), ഡോ. കെ. വർഗീസ് ജോർജ് (മോസ്റ്റ് പോപ്പുലർ സ്പൈസ് ബ്രാൻഡ്ക്വാളിറ്റി ഫുഡ് പ്രൊഡക്റ്റ് ഇൻഡസ്ട്രീസ്), 916 (ബെസ്റ്റ് പ്യൂരിറ്റി ബ്രാന്റ്), മിന്നാ ജോസ് (വുമൺ ഐക്കൺദ ഡോട്ട്സ്), ഇക്കാന ബൈ (ബെസ്റ്റ് ഫിനാൻഷ്യൽ സ്റ്റാർട്ടപ്പ്), കെ. മുനവീർ (ബെസ്റ്റ് വാട്ടർപ്രൂഫിങ് ആന്റ് കൺസ്ട്രക്ഷൻ കെമിക്കൽസ് ഡാംഷുവർ), രതീഷ് ആർ നാഥ് (ബിസിനസ്മാൻ ഓഫ് ദ ഇയർപാരഡൈസ് ഹോളിഡെയ്സ്), രമിത്ത് ശശിധരൻ (ബെസ്റ്റ് ഇവന്റ് പ്ലാനർഗോ ക്രാഫ്റ്റ് ഇവന്റ്സ്), ഇ ആർ അഹിനസ് എച്ച് (എഡ്യൂക്കേഷണൽ എൻട്രർപ്രണർഎംജിഎം ഗ്രൂപ്പ് ഓഫ് കോളജസ് ) എന്നിവർക്ക് മന്ത്രി സജി ചെറിയാൻ അവാർഡുകൾ വിതരണം ചെയ്തു.

## കേരളത്തിന് സമഗ്ര ടൂറിസം നയം അനിവാര്യം

**കൊച്ചി:** ടൂറിസം മേഖലയിൽ കേരളത്തിന കൂടുതൽ വളരണമെങ്കിൽ സമഗ്രമായ പുതിയ ടൂറിസം നയം രൂപീകരിക്കണമെന്നും പരമ്പരാഗത ഡെസ്റ്റിനേഷനുകൾക്ക് പുറമേ പുതിയ സാധ്യതകൾ കണ്ടെത്തണമെന്ന് ഫിക്കി സമ്മേളനം. കൂടുതൽ ശക്തമായ വിപണന തന്ത്രം രൂപപ്പെടുത്തണമെന്ന് സമ്മേളനത്തിന്റെ ഭാഗമായി നടന്ന വാട്ട് നെക്സ്റ്റ് ഫോർ ഗോഡ്സ് ഓൺ കൺട്രി സെഷനിൽ മുൻ കേന്ദ്ര ടൂറിസം സെക്രട്ടറി വിനോദ് സുട്ഷി ആവശ്യപ്പെട്ടു. വിദേശ വിനോദ സഞ്ചാരികളെ കൂടുതൽ ആകർഷിക്കുന്നതിനായി പുതിയ ഡെസ്റ്റിനേഷനുകൾ കണ്ടെത്തണം. 90 ശതമാനം വിദേശ വിനോദ സഞ്ചാരികളും കേരളത്തിലെ 5 ജില്ലകൾ മാത്രമാണ് സന്ദർശിക്കുന്നത്. ഈ സ്ഥിതി മാറണം. കൂടുതൽ എയർ ലൈൻ കണക്ഷനും കൂടുതൽ സർവീസുകളും അനിവാര്യമാണ്. ആസിയാൽ രാജ്യങ്ങളിൽ കൂടുതൽ പ്രചാരണം നടത്തണം. ടൂറിസം കേന്ദ്രങ്ങളിലെ റോഡുകൾ മാത്രമല്ല ഗ്രാമീണ റോഡുകളും മികച്ചതാക്കി ഗ്രാമീണ ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തണം. വാട്ടർ ടൂറിസത്തിനും ഡൊമസ്റ്റിക് ക്രൂസിനും പ്രാധാന്യം നൽകണം. ഹരിത ടൂറിസം ഡെസ്റ്റിനേഷനായി കേരളത്തെ മാറ്റണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. എടി ഇ ഗ്രൂപ്പ് ചെയർമാൻ ഇ.എം നജീബ് മോഡറേറ്ററായിരുന്നു. അബാദ് ഹോട്ടൽസ് എം.ഡി റിയാസ് അഹമ്മദ്, താജ് ഗ്രൂപ്പ് സീനിയർ വൈസ് പ്രസിഡന്റ് പ്രഭാത് സഹായ് വർമ, ബോസ് കൃഷ്ണമാചാരി, ബുക്കിങ്ങ് ഡോട്ട് കോം ഇന്ത്യ ഏരിയ മാനേജർ ബിരേന്ദ്ര സിംഗ് എന്നിവർ പങ്കെടുത്തു.

# ആഡംബര സോഫ ശേഖരം ഡ്യൂറോഫ്ളെക്സ് ഈഡൻ പുറത്തിറക്കി



**കൊച്ചി:** ഇന്ത്യയിലെ മുൻനിര സ്ലീപ്പ് സൊല്യൂഷൻ ദാതാക്കളായ ഡ്യൂറോഫ്ലെക്സ് , അവരുടെ ഏറ്റവും പുതിയ ഉൽപ്പന്നമായ ഈഡൻ സോഫ ശ്രേണിയും ഒട്ടോമാനും പുറത്തിറക്കി. 22,060 രൂപ മുതൽ ആരംഭിക്കുന്ന ഈഡൻ സോഫ വിവിധ വലുപ്പങ്ങളിൽ ലഭ്യമാണ്. കൂടാതെ, 64,263 രൂപയിൽ ആരംഭിക്കുന്ന ക്വാർട്സ് ബ്രൗൺ, ജേഡ് ഗ്രീൻ, സഫയർ ബ്ലൂ എന്നിവയുൾപ്പെടെ വ്യത്യസ്ത നിറങ്ങളിൽ ഒന്നും രണ്ടും മൂന്നും സീറ്റുകളുള്ള ഈഡൻ സോഫകൾ ചേയ്സ് ലോഞ്ചിനൊപ്പം വാഗ്ദാനം ചെയ്യുന്നു. ഈഡൻ ഓട്ടോമൻസിന്റെ വില 8,456 രൂപ മുതലാണ് ആരംഭിക്കുന്നത് ഇത് ക്വാർട്സ് ബ്രൗൺ, ജേഡ് ഗ്രീൻ, സഫയർ ബ്ലൂ തുടങ്ങിയ നിറങ്ങളിലും ലഭ്യമാണ്. 7 ഇഞ്ച് ക്രാഫ്റ്റ് ചെയ്ത ഡ്യുറോഫ്ലെക്സ് ഫോം, വെൽവെറ്റി ഫാബ്രിക്, സിഗ്സാഗ് സ്പ്രിംഗ് എന്നിവയ്ക്ക് പുറമേ, സോഫ വരും വർഷങ്ങളിലും നിലനിൽക്കുന്ന ഒരു അധിക ബൗൺസ് പ്രദാനം ചെയ്യുന്നു. അതിന്റെ രൂപം ദീർഘകാലം നിലനിർത്താൻ, ഡ്യുറോഫ്ലെക്സ് ഈഡനിൽ ഒരു നൂതന ഫാബ്രിക് ചേർത്തിട്ടുണ്ട്, അത് വൃത്തിയാക്കുന്നത് എളുപ്പമാക്കുകയും നിറം മങ്ങുന്നത് പ്രതിരോധിക്കുകയും ചെയ്യുന്നു.സോഫകളുടെയും റിക്ലൈനറുകളുടെയും വിഭാഗത്തിലേക്ക് രണ്ട് വർഷം മുമ്പ് കടന്നുവന്ന ബ്രാൻഡ് അന്നുമുതൽ നവീനതയോടെ വളർന്നുകൊണ്ടിരിക്കുകയാണ്. സ്വീകരണമുറിയിൽ അത്യാധുനികതയുടെ ഒരു സ്പർശം ചേർത്തുകൊണ്ട് ഈഡൻ സോഫയും ഒട്ടോമൻ ശ്രേണിയും ഒരു ആഡംബര പ്രസ്താവനയായി സ്വയം നിലകൊള്ളുന്നു. ഉയർന്ന സുഖസൗകര്യങ്ങൾക്കായാണ് സോഫ രൂപകൽപ്പന ചെയ്തിരിക്കുന്നത്, വിശാലമായ ആംറെസ്റ്റുകൾ വിശ്രമിക്കാൻ വിശാലമായ ഇടം നൽകുന്നു. ഡ്യൂറോഫ്ലെക്സ് ഈഡൻ യൂറോപ്യൻ നിലവാരം പുലർത്തുന്നതിനോടൊപ്പം , ഏറ്റവും ഉയർന്ന സുരക്ഷ, ഈട്, പ്രകടനം എന്നിവയും ഉറപ്പാക്കുന്നു. എല്ലാ റീട്ടെയിൽ സ്റ്റോറുകളിലും ഇകൊമേഴ്സ് വെബ്സൈറ്റ് https://www.duroflexworld.com/ ലും ഈ ശേഖരം ലഭ്യമാണ്.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com


THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007 · 15 YEAR GUARANTEE · CUSTOMER SATISFACTION 100% GUARANTEED · ISO 9001 CERTIFIED · LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER
HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62
SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19
SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+ 91 9288022663

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com